"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കോട്ടയം ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീ.ബഞ്ചമിൻ വർഗ്ഗീസ് സമർപ്പിച്ച റിവിഷൻ ഹർജി - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.815/2023/AGRI തീയതി,തിരുവനന്തപുരം, 14-08-2023**

---

പരാമർശം:- 1.കോട്ടയം ജില്ലാ കളക്ടറുടെ 31.12.2014-ലെ ഇ9-47560/2013 നമ്പർ നടപടിക്രമം.
2.ശ്രീ.ബഞ്ചമിൻ വർഗ്ഗീസ് സമർപ്പിച്ച 25.01.2018-ലെ റിവിഷൻ ഹർജി.
3.കോട്ടയം ജില്ലാ കളക്ടറുടെ 22.07.2023-ലെ DCKTM /5847/2023-R3 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് നം. 23-ൽ റീസർവ്വെ 285/2-1 ൽപ്പെട്ട 4.05 ആർ നിലം പരിവർത്തനപ്പെടുത്തി വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ ജില്ലാതല അധികൃത സമിതി നിരസിച്ചതിനെതിരെ ശ്രീ.ബഞ്ചമിൻ വർഗ്ഗീസ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 9(6) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച കോട്ടയം ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ.ബഞ്ചമിൻ വർഗ്ഗീസ് പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (3) പ്രകാരം കോട്ടയം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

"അപേക്ഷാ വസ്തുക്കൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും സ്ഥല പരിശോധനയിൽ ടി വസ്തുക്കൾ അനുമതി കൂടാതെ മണ്ണിട്ട് പരിവർത്തനപ്പെടുത്തിയിരിക്കുന്നതായി കണ്ടതിനാലും ടി സ്ഥലത്തിന്റെ രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നുകിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുന്നതിനാലും അപേക്ഷകന്റെ മാതാപിതാക്കളുടെ പേരിൽ കുറ്റപ്പുഴ വില്ലേജിൽ വീട് നിർമ്മാണ യോഗ്യമായ 19.00 ആർ പുരയിടം ഉള്ളതിനാലുമാണ് ജില്ലാതല അധികൃത സമിതി വീട് നിർമ്മാണത്തിനായുള്ള പരിവർത്താനാനുമതി നിരസിച്ചത്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനത്തിനെതിരെ ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപ്പീൽ സംബന്ധിച്ച് കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർ, മണർകാട് കൃഷി ഓഫീസർ, മണർകാട് വില്ലേജ് ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ടി വസ്തുക്കൾ പരിവർത്തനപ്പെടുത്തിയിരിക്കുന്നത് 2008-നു ശേഷമാണെന്നും ഹർജിക്കാർ ടി വസ്തുക്കൾ 2012-ൽ വാങ്ങുന്ന സമയത്ത് ഇവ പരിവർത്തനപ്പെട്ട അവസ്ഥയിൽ

അല്ലായിരുന്നുവെന്നും മേൽ സാഹചര്യത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 13 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. റവന്യൂ റെക്കോർഡുകൾ പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതും, നിലം ഇനത്തിൽപ്പെടുന്നതുമായ പരാതിവസ്തുക്കൾ അനധികൃതമായി പരിവർത്തന പ്പെടുത്തിയിട്ടുള്ളതായി ബോധ്യപ്പെട്ട സാഹചര്യത്തിലാണ് പരാമർശം (1) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളത്."

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ റെക്കോർഡുകൾ പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതും, നിലം ഇനത്തിൽപ്പെടുന്നതുമായ പ്രസ്തുത ഭൂമി അനധികൃതമായി പരിവർത്തനപ്പെടുത്തിയിട്ടുള്ളതായും, ടി സ്ഥലത്തിന്റെ രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നുകിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുമെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അനധികൃതമായി പരിവർത്തനപ്പെടുത്തിയിട്ടുള്ള ഭൂമി പൂർവ സ്ഥിതിയിലാക്കണമെന്ന് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് ശരിവച്ചുകൊണ്ടും, പരാമർശം (2) പ്രകാരം ശ്രീ.ബഞ്ചമിൻ വർഗ്ഗീസ് സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ശ്രീ.ബെഞ്ചമിൻ വർഗ്ഗീസ്, പൂപ്പട വീട്, C/o.ഏബ്രഹാം കുരുവിള, റബ്ബർബോർഡ് പി.ഒ., കോട്ടയം-686009.

ജില്ലാ കളക്ടർ, കോട്ടയം.

റവന്യൂ ഡിവിഷണൽ ഓഫീസർ, കോട്ടയം.

കൃഷി ഓഫീസർ, മണർകാട്, കോട്ടയം.

പൊതുജന വിവര സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/123/2018-AGRI].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ